## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1267** **06.03.2018- ൽ മറുപടിയ്ക്ക്**

## റബ്ബർ വിലസ്ഥിരതാപദ്ധതിയ്ക്ക് ജി.എസ്.ടി ബിൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എൻ.എ നെല്ലിക്കുന്ന്** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) റബർ വിലസ്ഥിരതാ പദ്ധതി സഹായത്തിനായി കൃഷിക്കാർ വിൽക്കുന്ന റബറിന് ജി.എസ്.ടി ബിൽ തന്നെ ഹാജരാക്കണമെന്ന് ധനവകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ച് 16/09/2017 തീയതിയിൽ 70/2017/ധന നമ്പരിൽ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ ഉത്തരവ് റബർ കൃഷിക്കാർക്ക് സംസ്ഥാന സർക്കാരിന്റെ റബർ വിലസ്ഥിരതാ പദ്ധതിയുടെ സഹായം ലഭിക്കുന്നതിന് വിലങ്ങ് തടിയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; & | (ബി) & (സി) & (ഡി) | റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീമിന്റെ ഒന്നും, രണ്ടും ഘട്ടങ്ങളിൽ സബ്സിഡിയ്ക്കായി VAT രജിസ്ട്രേഷൻ പ്രകാരമുള്ള പർച്ചേർസ് ബില്ലുകൾ സമർപ്പിക്കാനാണ് നിഷ്കർഷിച്ചിരുന്നത്. എന്നാൽ 01/07/2017 മുതൽ ജി.എസ്.ടി സമ്പ്രദായം നടപ്പിലാക്കിയതോടെ VAT സമ്പ്രദായം ഇല്ലാതായിട്ടുണ്ട്., ആയതിനാലാണ് 01/07/2017 മുതൽ വിൽക്കപ്പെടുന്ന റബ്ബറിന്റെ ജി.എസ്.ടി പ്രകാരമുള്ള പർച്ചേസ് ബില്ലുകൾ സമർപ്പിക്കണമെന്ന നിർദ്ദേശം 16/09/2017-ലെ പരിപത്ര നമ്പർ 70/2017/ ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായിട്ടുള്ള റബ്ബർബോർഡ് അംഗീകൃത ഡീലർമാരിൽ നിന്നും ലഭിക്കുന്ന പർച്ചേയ്സ് ബില്ലുകൾക്ക് മാത്രമേ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങൾ ബാധക മായിരിക്കുകയുള്ളൂ. റബ്ബർ ബോർഡ് അംഗീകൃതവും നിയമപ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമല്ലാത്തവരുമായ ഡീലർമാർ |
| (സി) ജി.എസ്.ടി നടപ്പാക്കിയ 2017 ജൂലൈ ഒന്നിന് ശേഷമുള്ള എല്ലാ ബില്ലും ജി.എസ്.ടി ബില്ലുകളായിരിക്കണമെന്ന നിർദ്ദേശമുണ്ടോ; & | | |
| (ഡി) എങ്കിൽ ഇതിനകം റബർ വിറ്റുകഴിഞ്ഞ വ്യാപാരികളുടെ ബില്ലുകൾ ഇതോടെ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | | |

നൽകുന്ന പർച്ചേഴ്സ് ബില്ലുകളും സബ്സിഡി യ്ക്കായി പരിഗണിക്കുന്നതാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടി മേൽപ്പറഞ്ഞ പരിപത്രത്തിന്റെ സ്പഷ്ടീകരണം പത്രക്കുറിപ്പായി നൽകിയി ട്ടുള്ളതാണ്. ഇതു സംബന്ധിച്ച പരാതി കളൊന്നും നിലവിലില്ല.

Saulathum

**സെക്ഷൻ ഓഫീസർ**